(എ) വർക്കല ആർ.യു.ബിയുടെ ഭാഗമായ അപ്രോച്ച് റോഡിന്റെ പണി ഇതേവരെ ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊതുമാരാമത്ത് വകുപ്പിന്റെ അനാസ്ഥമൂലമാണ് പണി ആരംഭിക്കാത്തത് എന്ന് പത്രങ്ങളിലും മറ്റും വന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അപ്രോച്ച് റോഡിന്റെ നിർമ്മാണത്തിന് ആവശ്യമായ അനുവാദവും പ്രത്യേകാനുവാദവും ഫണ്ടും ലഭിച്ചെങ്കിലും പണി ആരംഭിക്കുന്നതിൽ കാലതാമസം വരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) 31.3.2000-ത്തിന് മുൻപായി വർക്കലയിലെ റെയിൽവേ ഗേറ്റ് ക്ലോസ് ചെയ്ത് കൊല്ലം-തിരുവനന്തപുരം റെയിൽവേ പാത ഇരട്ടിപ്പിക്കുന്നതിന്റെ ഭാഗമായി വർക്കല-കല്ലമ്പലം റോഡുവഴിയുള്ള ഗതാഗതം നിലയ്ക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ അടിയന്തിരമായി അപ്രോച്ച് റോഡ് നിർമ്മിക്കാൻ ബന്ധപ്പെട്ടവർക്ക് ഉത്തരവ് നൽകുമോ?

ഉത്തരം

(എ)&(ബി) ഉണ്ട്.

(സി) പ്രസ്തുത പണിക്കാവശ്യമായ പ്രത്യകാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. 2 കോടി രൂപയോളം മതിപ്പ് ചെലവുള്ള ഈ പണിക്ക് അഡീഷണൽ ഓതറൈസേഷൻ ഉൾപ്പെടെ 32 ലക്ഷം രൂപ മാത്രമേ നടപ്പ് സാമ്പത്തികവർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളൂ. ആവശ്യമായ പണവും അനുമതിയും നൽകി എത്രയും വേഗം പണി തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്.

(ഡി) ഉണ്ട്.

(ഇ) ആവശ്യമായ അനുമതിയും പണവും നൽകി എത്രയും വേഗം പണി തീർക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

132 (1351) കോഴിക്കോട് നഗരത്തിലെ റോഡു വികസനം

ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിലെ റോഡുകൾ വികസിപ്പിക്കുന്നതിനായി സർക്കാർ കഴിഞ്ഞ ബഡ്ജറ്റിൽ എത്ര രൂപയാണ് അനുവദിച്ചതെന്ന് വിശദമാക്കുമോ;

(ബി) ഈ തുക ഉപയോഗിച്ച് എന്തെല്ലാം വികസനപ്രവർത്തനങ്ങളാണ് നടത്തുവാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 1999-2000 ബഡ്ജറ്റിൽ 20 ലക്ഷം രൂപയും സപ്ലിമെന്ററി ബഡ്ജറ്റിൽ 200 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) ബീച്ച് റോഡ്, കോഴിക്കോട് ഫോർലൈൻ ലിങ്ക്, ട്രാഫിക്സിസ്റ്റം നടപ്പാതയും ഉപരിതലം പുതുക്കലും നടപ്പാത നന്നാക്കൽ-വെള്ള

LIBRARY ARCHIVES Kerala Legislative Assembly

യിൽ, ബട്ട് റോഡിൽ കലുങ്കു പുനർനിർമ്മാണം, കോഴിക്കോട് മാവൂർ റോഡിൽ ബിറ്റുമിൻ മെക്കാഡം ചെയ്യൽ, കല്ലുത്താൻ കടവുപാലത്തിനു സമീപറോഡുകൾ മുതലായ പണികൾക്കുള്ള അനുമതി നൽകിയിട്ടുണ്ട്. മാത്രമല്ല മാവൂർ റോഡ് ജംഗ്ഷൻ, രാജാജി റോഡ് ജംഗഷ്ൻ, ചൊവ്വയൂർ ജംഗ്ഷൻ, മെഡിക്കൽ കോളേജ് ജംഗ്ഷൻ, മീൻചന്ത ജംഗ്ഷൻ, എലഞ്ഞിപ്പാലം ജംഗ്ഷൻ മുതലായവയുടെ വികസനത്തിന് വിശദമായ പ്ലാൻ തയ്യാറാക്കുന്നതിന് നാട്പാക്-നെ ഏൽപ്പിച്ചിട്ടുണ്ട്.

133 (1352) വണ്ടിപ്പെരിയാർ-ഗവി-പ്ലാപ്പള്ളി റോഡ്

<u>ശ്രീമതി ഗിരിജാ സുരേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടിപ്പെരിയാർ-ഗവി-പ്ലാപ്പള്ളി റോഡ് വൈദ്യുതി വകുപ്പ് എന്നാണ് പൊതുമരാമത്ത് വകുപ്പിന് കൈമാറിയത്;

(ബി) എത്ര കിലോമീറ്റർ ദൂരമാണ് ഈ റോഡിനുള്ളത്;

(സി) റോഡ് സഞ്ചാരയോഗ്യമാക്കുവാൻ എന്തൊക്കെ നടപടികളാണ് പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചിരുന്നത്;

(ഡി) പച്ചക്കാനം മുതൽ പ്ലാപ്പള്ളി വരെയുള്ള റോഡ് സഞ്ചാരയോഗ്യമാക്കുവാൻ എന്നാണ് പ്രാഥമിക എസ്റ്റിമേറ്റ് സർക്കാരിലേക്ക് നൽകിയത്;

(ഇ) ഭരണാനുമതി ലഭിക്കുവാൻ വൈകുന്നതെന്തുകൊണ്ടാണ്;

(എഫ്) നബാർഡിന്റെ ധനസഹായം തേടുവാൻ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രസ്തുത റോഡിന്റെ ശരിയായ പേര് വണ്ടിപ്പെരിയാർ-കോഴിക്കാനം ആങ്ങാമൂഴി-പ്ലാപ്പള്ളി എന്നാണ്. ഇതിൽ പച്ചക്കാനം വരെയുള്ള ഭാഗം 1984-ൽ വൈദ്യുതി വകുപ്പിൽനിന്നും ഏറ്റെടുത്തിട്ടുണ്ട്. ആങ്ങാമൂഴി മുതൽ കോഴിക്കാനം വരെയുള്ള 63.6 കി.മീറ്റർ ഭാഗം ഇപ്പോഴും വൈദ്യുതി വകുപ്പിന്റെ അധീനതയിൽ തന്നെയാണ്.

(ബി) 93.6 കി.മീറ്റർ

(സി) പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിലുള്ള 30 കി.മീറ്റർ സഞ്ചാരയോഗ്യമാക്കി തീർത്തിട്ടുണ്ട്.

(ഡി)&(എഫ്) പുതുക്കിയ ഷെഡ്യൂൾ അനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് ഭരണാനുമതിക്കുവേണ്ടി പരിശോധനയിലാണ്. 572 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

134 (1353) ബ്രിഡ്ജ് കോർപ്പറേഷൻ രൂപീകരണം

<u>ശ്രീമതി ശോഭനാ ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബ്രിഡ്ജ് കോർപ്പറേഷൻ രൂപീകരണം സംബന്ധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly